# UNION CHRISTIAN COLLEGE, ALUVA

(Affiliated to Mahatma Gandhi University, Kottayam, Kerala)
Reaccredited with 'A' Grade by NAAC (IV Cycle)

Aluva - 683 102, Ernakulam Dist., Kerala. Ph: +91 484 2609194, 8281811703
Email: ucc@uccollege.edu.in Website: www.uccollege.edu.in


*Celebrating 100 Years of Meritorious Service*

## യു.സി കോളേജ് ശതാബ്ദിയാഘോഷം:
## മലയാള വിഭാഗം പ്രദർശനത്തിലെ കലാസൃഷ്ടിയുമായി ബന്ധപ്പെട്ട് ഉണ്ടായ വിഷയത്തിൽ കോളേജിൻറെ വിശദീകരണക്കുറിപ്പ്.

ആലുവ യു.സി കോളേജിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി സെൻറീനിയൽ വിസ്റ്റ 2022 എന്ന പേരിൽ നവംബർ 7 മുതൽ 12 വരെ മെഗാ പ്രദർശനം നടക്കുകയുണ്ടായി. പ്രദർശനത്തിൽ മലയാള വിഭാഗം ഒരുക്കിയ ഒരു കലാസൃഷ്ടിയെ സംബന്ധിച്ച് പലതരത്തിലുള്ള ചർച്ചകൾ സമൂഹമാധ്യമത്തിലൂടെ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് കലാസൃഷ്ടി ഒരുക്കിയ വിദ്യാർത്ഥികളുടെയും മലയാള വിഭാഗത്തിന്റെയും വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

യു.സി കോളേജ് മതേതരമൂല്യങ്ങൾക്ക് വലിയ പ്രാധാന്യം കൽപ്പിക്കുന്ന സ്ഥാപനമാണ്. എല്ലാ മത ചിന്തകളെയും മതഗ്രന്ഥങ്ങളെയും ആദരപൂർവ്വമാണ് കോളേജ് കാണുന്നത്. കലാസൃഷ്ടി എന്ന നിലയിൽ അവതരിപ്പിച്ച ഇൻസ്റ്റലേഷൻ മതവികാരത്തെ വ്രണപ്പെടുത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. ഇൻസ്റ്റലേഷൻ ഒരുക്കിയതിൽ വിദ്യാർഥികൾക്ക് സംഭവിച്ച ഗൗരവമായ അനാസ്ഥയിൽ യു.സി കോളേജ് നിർവ്യാജ്യമായ ഖേദം പ്രകടിപ്പിക്കുന്നു. ഇത് സംബന്ധിച്ചുണ്ടായ വീഴ്ചയിൽ കൂടുതൽ അന്വേഷണം നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ആലുവ

14/11/2022

പ്രിൻസിപ്പൽ